"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ് - കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൻറെ (KSITIL) കൈവശമുള്ള കണ്ണൂർ എരമത്തെ 30 ഏക്കറോളം സ്ഥലവും, കാസർഗോഡ് ചീമേനിയിലെ 100 ഏക്കർ സ്ഥലവും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനായി റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ (എ) വകുപ്പ്**

സ.ഉ.(കൈ) നം.1/2026/ITD തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-

1. 03.06.2008 തീയതിയിലെ സ.ഉ.(കൈ)നം.20/2008/ഐ.ടി.ഡി
2. കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 19.06.2023 തീയതിയിലെ KSITIL/LAND-KNR-KSD-SEZ/7749 നമ്പർ കത്ത്.
3. കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 13.02.2025 തീയതിയിലെ KSITIL/KNR&KSD/CA/2025-145 നമ്പർ കത്ത്.

**ഉത്തരവ്**

ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കാസർകോട് ചീമേനിയിൽ 100 ഏക്കർ സ്ഥലവും കണ്ണൂർ എരമത്ത് 30 ഏക്കർ (ഏകദേശം) സ്ഥലവും പരാമർശം (1) ഉത്തരവ് പ്രകാരം കെ.എസ്.ഐ.ടി.ഐ.എൽ. ന് അസൈൻ ചെയ്തു നൽകുകയും ഭൂമിയുടെ മൂല്യം കമ്പനിയുടെ ഇക്വിറ്റിയിലുള്ള സർക്കാരിന്റെ ഷെയർ ക്യാപിറ്റൽ ആയി കണക്കാക്കുകയും ചെയ്തിരുന്നു. എന്നാൽ, മതിയായ ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത മൂലം പ്രസ്തുത പ്രദേശങ്ങളിൽ ഐ.ടി. പാർക്കുകൾ പ്രായോഗികമല്ലെന്ന നിഗമനത്തിലെത്തുകയുണ്ടായി. ആയതിനാൽ ടി സ്ഥലങ്ങൾ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്കു നൽകുന്ന വിഷയം സർക്കാർ പരിശോധിക്കുകയുണ്ടായി.

2) ഐ.ടി സെക്ടറിന്റെ ആവശ്യത്തിനു വേണ്ടി മാത്രമേ ഭൂമി ഉപയോഗിക്കാവൂ എന്ന വ്യവസ്ഥ ഉള്ളതിനാൽ കെ.എസ്.ഐ.ടി.ഐ.എൽ ന് പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് പാട്ടത്തിന്

നൽകുവാൻ കഴിയുകയില്ല എന്നും എന്നാൽ ഭൂമി റവന്യൂ വകുപ്പിന് വിട്ടുനൽകാവുന്നതാണെന്നും റവന്യൂ വകുപ്പിന് പ്രസ്തുത ഭൂമി വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ കിൻഫ്രയ്ക്ക് അനുവദിക്കാൻ കഴിയുമെന്നും പരാമർശം (2) പ്രകാരം കെ.എസ്.ഐ.ടി.ഐ.എൽ മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി. പ്രസ്തുത രണ്ട് സ്ഥലങ്ങളിലെയും അടിസ്ഥാന സൗകര്യ വികസനത്തിനായി കെ.എസ്.ഐ.ടി.ഐ.എൽ ന് ചെലവായ തുക കിൻഫ്ര തിരികെ ലഭ്യമാക്കണമെന്നും എം.ഡി അറിയിച്ചു. കൂടാതെ ഭൂമി വിട്ടുകൊടുക്കുമ്പോൾ കെ.എസ്.ഐ.ടി.ഐ.എല്ലിൽ സർക്കാരിനുള്ള ഷെയർ ഇക്വിറ്റി മൂല്യം കുറവ് വരുന്നത് നികത്തുന്നത് പ്രത്യേകമായി പരിഗണിക്കണമെന്നും പരാമർശം (3) പ്രകാരം കെ.എസ്.ഐ.ടി.ഐ.എൽ എംഡി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ കൈവശമുള്ള കാസർകോട് ചീമേനിയിലെ 100 ഏക്കർ സ്ഥലവും കണ്ണൂർ എരമത്തുള്ള 30 ഏക്കറോളം സ്ഥലവും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനായി റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കി ഇതിനാൽ ഉത്തരവാകുന്നു.

(4) കെ.എസ്.ഐ.ടി.ഐ.എൽ ഈ സ്ഥലങ്ങളിൽ നടത്തിയ നിർമ്മാണ പ്രവൃത്തികൾക്ക് ചെലവായ തുക കണക്കാക്കി അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക കെ.എസ്.ഐ.ടി.ഐ.എല്ലിന് നൽകേണ്ടതാണ്.

(5) കെ.എസ്.ഐ.ടി.ഐ.എൽ-ന്റെ സർക്കാരിനുള്ള ഷെയർ ഇക്വിറ്റി മൂല്യം കുറവ് വരുന്നത് സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനായി ആയത് ഡയറക്ടർ ബോർഡ് മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടി കെ. എസ്. ഐ. ടി. ഐ. എൽ മാനേജിംഗ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കിൻഫ്ര, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ/കാസർഗോഡ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
റവന്യൂ വകുപ്പ്
വ്യവസായ വകുപ്പ്
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ് സി) വകുപ്പ് (ക്യാബിനറ്റ് ഇനം നം.............)

കരുതൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Kiran M

Date: 02-02-2026 09:24:22

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 28-01-2026**

ഫയൽ നം. എ2/6/2017/ഐ.റ്റി.ഡി. ഇനം നം: 3605

വിഷയം : ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് - കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ കൈവശമുള്ള കണ്ണൂരിലെയും കാസർഗോഡിലെയും ഭൂമി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്നതിനായി റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി. ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്.

**GOVERNMENT OF KERALA**
(SHRI. PINARAYI VIJAYAN MINISTRY)
**DRAFT NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File Number | : | No. A2/6/2017/ITD |
| 2 | Department | : | E&IT (A) Department. |
| 3 | Subject | : | E&ITD – revesting the land parcels currently under the possession of KSITIL in Kannur and Kasaragod, to the Revenue Department, for allotting them to KINFRA for the establishment of industrial parks– Reg. |
| 4 | Date of Chief Minister's order for placing before the Council | : | 12-12-2025 |
| 5(i) | Does the case involve financial commitments/ implications | : | Yes. |
| (ii) | If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes. |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes |
| 7 | Name of Additional Secretary who submitted the Draft Note | : | Sri. Rajesh Kumar M. |
| 8 | Name of Principal Secretary who approved the Draft Note | : | Sri. Seeram Sambasiva Rao IAS |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | |
| 10 | Name of Chief Secretary who approved the Draft Note | : | Dr. A. Jayathilak IAS |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | |
| 12 | Name of Minister who approved the Draft Note | : | Sri. Pinarayi Vijayan. |
| 13 | Date of approval of the Draft Note for the Council by the Chief Minister | : | |

14 Date of submission of fair copies :

15 Date of decision by the Council of Ministers :

16 Number and Date of the Government Order / letter communicating the decision :

## Draft Note for the Council of Ministers

1) This note is submitted seeking approval of the Council of Ministers to revest the land parcels currently under the possession of Kerala State IT Infrastructure Limited (KSITIL) in Kannur and Kasaragod, to the Revenue Department, for allotting them to KINFRA for the establishment of industrial parks.

2) As per G.O.(MS) No. 20/2008/ITD dated 03.06.2008, 100 acres of land in Cheemeni, Kasaragod, and approximately 30 acres in Eramam, Kannur, were assigned to KSITIL for establishing IT parks. The value of these land parcels was held as Government share capital in the company's equity. However, it has come to the conclusion that IT parks are not feasible in these areas because of the lack of adequate transport connectivity. Therefore, the matter of handing over the land parcels to KINFRA for establishing industrial parks was examined.

3) The Managing Director, KSITIL reported that transfer of land for purposes other than IT/ITeS is possible only after completing the de-notification process. Tax exemptions for an amount of Rs.70,89,376/- were received for the infrastructure development of the Kannur and Kasaragod IT parks. According to SEZ regulations, an amount of Rs.1,44,32,061/- (including 15% interest) has to be refunded for de-notifying the land.

4) In this context, the file was sent to the Finance Department for their opinion on the following points:

1) In order to transfer the land to KINFRA, can the value of the land be

maintained as government equity, if not, to specify the other conditions to be adopted.

2) Which amount should be reimbursed by KINFRA for the expenditure incurred by KSITIL under "development charges"?

3) Can the amount of Rs.1,44,32,061/- required for de-notification of the land under SEZ rules be provided to KSITIL as budgetary support?

5) The Finance Department furnished the following opinions:

ഭരണ വകുപ്പിനെ ചുവടെ പറയും പ്രകാരം അറിയിക്കുന്നു.

- ഭൂമി വില സർക്കാർ ഓഹരിയായി നിലനിർത്തണമെങ്കിൽ, കിൻഫ്രയുടെ ബോർഡിൽ തീരുമാനമെടുത്ത ശേഷം ഭരണ വകുപ്പ് ശിപാർശയോടെ പ്രൊപ്പോസൽ ലഭ്യമാക്കി അതിന്മേൽ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്.
- ഡെവലപ്പ്മെന്റ് ചാർജിനത്തിൽ ചെലവായ തുകയിൽ പ്രത്യക്ഷത്തിൽ കോംപൌണ്ട് വാൾ മാത്രമേ കിൻഫ്രയ്ക്ക് ഉപയോഗമുള്ളതായി കാണുന്നുള്ളൂ. മറ്റ് ബിൽഡിംഗുകൾ കിൻഫ്രയ്ക്ക് ആവശ്യമാണോ എന്നുള്ള കാര്യവും ഫയലിൽ വ്യക്തമല്ല. അതിനാൽ ഏതൊക്കെ തുകയാണ് കിൻഫ്ര നൽകേണ്ടത് എന്നതിൽ കെ.എസ്.ഐ.ടി.ഐ.എൽ ഉം കിൻഫ്രയും തമ്മിൽ പൊതു സമ്മതത്തിൽ എത്തേണ്ടതുണ്ട്.
- ഭൂമി ഡീനോട്ടിഫൈ ചെയ്യുന്നതിനായി ചെലവാകുന്ന തുക സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിനാൽ പ്രസ്തുത തുക കെ.എസ്.ഐ.ടി.എൽ തന്നെ വഹിക്കേണ്ടതാണ്.

6) A meeting chaired by the Minister for Law, Industries, and Coir was held on January 9, 2024 to discuss the matter. In the meeting it was decided to exempt KINFRA from paying the land value, to source the fund for de-notification of the land from the amount being transferred by KINFRA and to enter into an MoU between KINFRA and KSITIL. Furthermore, since KINFRA is a statutory body of the Government of Kerala and hence that the land value cannot be held as equity, it was suggested to explore other options in consultation with the Finance Department.

7) KINFRA has provided an amount of Rs.1,87,06,820/-, which includes the interest accrued subsequently, to KSITIL which is required for the de-notification of the land parcels, and the de-notification process has been completed.

8) Since KINFRA is a statutory body, the opinion of Finance

Department was sought on how the value of the land parcels be calculated if the land parcels are transferred to KINFRA. Then the Finance Department has requested for clarification on the method intended for the transfer of land, the terms of transfer and also asked to examine the possibility of leasing the land to KINFRA.

9) The MD, KSITIL informed that, in view of the condition that the land should be used for the purpose of IT sector only, KSITIL cannot lease it to KINFRA. However, the land can be revested to the Revenue Department, and the Revenue Department can subsequently allot it to KINFRA for establishing industrial parks. The MD also informed that KSITIL agrees to a settlement amount of ₹2,92,66,000/- from KINFRA for the infrastructure development costs incurred, as required in the meeting chaired by the Hon'ble Industries Minister on 09.01.2024.

10) A meeting chaired by the Hon'ble Chief Minister was held on 29.09.2025 to discuss the matter. The following decisions were taken in the meeting:

1) To transfer the Government land in Kannur (Eramam-Kuttoor) and Kasaragod (Cheemeni) currently under the possession of KSITIL to KINFRA, immediately.

2) To take steps to start the industrial park as soon as the land is handed over. KINFRA shall pay KSITIL the cost incurred for improvements on this land once the amount is calculated and reported.

3) The issue regarding KSITIL's equity should be resolved by convening the meeting of the Board of Directors.

11)The remarks provided by the Revenue Department on the matter is appended below:

*"ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കാസർകോട് ചീമേനിയിൽ 100 ഏക്കർ സ്ഥലവും കണ്ണൂർ*

*എരമത്ത് 3 0 ഏക്കർ (ഏകദേശം) സ്ഥലവും സ.ഉ.(കൈ)നം.20/2008/ഐ.ടി.ഡി. പ്രകാരം കെ.എസ്.ഐ.ടി.ഐ.എൽ. ന് അസൈൻ ചെയ്തു നൽകുകയും ഭൂമിയുടെ മൂല്യം കമ്പനിയുടെ ഇക്വിറ്റിയിലുള്ള സർക്കാരിന്റെ Share capital ആയി കണക്കാക്കുകയും ചെയ്തിരുന്നു.*

*2008ൽ KSITL ന് ലഭ്യമാക്കിയ ഭൂമി ടി ആവശ്യത്തിനു ഉപയോഗിക്കുന്നില്ലെങ്കിൽ ആയത് തിരികെ റവന്യൂ വകുപ്പിന് കൈമാറാവുന്നതാണ്.*
*KSITL കമ്പനിയുടെ ഷെയർ കാപ്പിറ്റലിൽ വരുത്തേണ്ട വ്യതിയാനം സംബന്ധിച്ച വിഷയങ്ങൾ ധനകാര്യ വകുപ്പുമായി കൂടി ആലോചിച്ച് അന്തിമമാക്കാവുന്നതാണ്.*

*ടി ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമായതിനു ശേഷം കിൻഫ്രക്കോ മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ ചട്ടപ്രകാരമുള്ള അപേക്ഷയെ തുടർന്ന് സർക്കാർ തീരുമാനിക്കും പ്രകാരം പാട്ടത്തിനോ പതിച്ചോ നൽകാവുന്നതാണ്. ആയത് സംബന്ധിച്ച നടപടികൾ റവന്യൂ വകുപ്പ് മുഖേന കൈകൊള്ളാവുന്നതുമാണ്. ടി ഭൂമി കിൻഫ്രക്ക് നൽകണമെന്നുള്ള ഒരു പ്രൊപോസൽ നിലവിൽ റവന്യൂ വകുപ്പിൻറെ പരിഗണനയിൽ ഇല്ലാത്തതാണ്."*

12) In the above circumstances, the Hon'ble Chief Minister has ordered that the matter regarding the revesting of 100 acres in Cheemeni, Kasaragod, and approximately 30 acres in Eramam, Kannur to the Revenue Department for allotting the land to KINFRA, be placed before the Council of Ministers for consideration.

## Points for Decision

1)Whether the 100 acres of land parcel in Cheemeni, Kasaragod, and approximately 30 acres of land parcel in Eramam, Kannur, currently under the possession of Kerala State IT Infrastructure Limited, may be revested to the Revenue Department for allotting them to KINFRA for the purpose of establishing industrial parks ?

2) Whether KINFRA may be directed to pursue further action on the payment of the cost incurred for improvements on this land once the amount is calculated and reported by KSITIL ?

3) Whether KSITIL may be directed to take necessary steps to resolve the

issue regarding reduction of equity of KSITIL, by placing the matter before the Board of Directors?

3605

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. എ 2/6/2017/ഐ.റ്റി.ഡി |
| 2 | വകുപ്പ് | : | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | : | ഇ&ഐ.ടി - കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ കൈവശമുള്ള കണ്ണൂരിലെയും കാസർഗോഡിലെയും ഭൂമി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്നതിനായി റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12-12-2025 |
| 5 (i) (ii) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ. ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | രാജേഷ് കുമാർ എം. |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | സീറാം സാംബശിവ റാവു ഐ.എ.എസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 20-01-2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് ഐ.എ.എസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20-01-2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യ മന്ത്രി അംഗീകരിച്ച തീയതി | : | 28-01-2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28-01-2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൻറെ കൈവശമുള്ള കണ്ണൂരിലെയും കാസർഗോഡിലെയും ലാൻഡ് പാർസലുകൾ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനായി പ്രസ്തുത ലാൻഡ് പാർസലുകൾ റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം തേടുന്നതിനാണ് ഈ കുറിപ്പ് സമർപ്പിക്കുന്നത്.

2) 03.06.2008 ലെ സ.ഉ.(കൈ)നം.20/2008/ഐ.ടി.ഡി. പ്രകാരം, ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കാസർകോട് ചീമേനിയിൽ 100 ഏക്കർ സ്ഥലവും കണ്ണൂർ എരമത്ത് 30 ഏക്കറോളം സ്ഥലവും കെ.എസ്.ഐ.ടി.ഐ.എൽ. ന് അസൈൻ ചെയ്തു നൽകുകയും ഭൂമിയുടെ മൂല്യം കമ്പനിയുടെ ഇക്വിറ്റിയിലുള്ള സർക്കാരിന്റെ ഷെയർ ക്യാപിറ്റൽ ആയി കണക്കാക്കുകയും ചെയ്തിരുന്നു. എന്നാൽ, മതിയായ ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത മൂലം പ്രസ്തുത പ്രദേശങ്ങളിൽ ഐ.ടി. പാർക്കുകൾ പ്രായോഗികമല്ലെന്ന നിഗമനത്തിലെത്തുകയുണ്ടായി. ആയതിനാൽ ടി സ്ഥലങ്ങൾ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് നൽകുന്ന വിഷയം പരിശോധിക്കുകയുണ്ടായി.

3) ഐ.ടി./ഐ.ടി.ഇ.എസ്. ഒഴികെ മറ്റ് ആവശ്യങ്ങളിലേക്കുള്ള ഭൂമി കൈമാറ്റം ഡിനോട്ടിഫിക്കേഷൻ പൂർത്തിയാക്കിയതിന് ശേഷം മാത്രമേ സാധ്യമാകുകയുള്ളുവെന്നും കണ്ണൂർ, കാസർകോട് ഐ.ടി. പാർക്കുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നികുതി ഇളവായി 70,89,376/- രൂപ ലഭ്യമായതായും SEZ വ്യവസ്ഥ അനുസരിച്ച് പ്രസ്തുത ഭൂമി ഡിനോട്ടിഫൈ ചെയ്യുന്നതിനായി 15% പലിശ ഉൾപ്പെടെ 1,44,32,061 രൂപ തിരികെ നൽകേണ്ടതാണെന്നും എം.ഡി. കെ.എസ്.ഐ.ടി.ഐ.എൽ. അറിയിച്ചിരുന്നു.

4) ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ അഭിപ്രായം ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിന് ഫയൽ അയക്കുകയുണ്ടായി.

1. കിൻഫ്രക്ക് ഭൂമി കൈമാറുമ്പോൾ കണ്ണൂർ, കാസർകോട് ഐ.ടി. പാർക്കുകൾക്കായി ഏറ്റെടുത്ത ഭൂമിയുടെ വില സർക്കാർ ഓഹരിയായി നിലനിർത്താവുന്നതാണോ അല്ലെങ്കിൽ മറ്റ് ഉപാധി എന്താണെന്ന് വ്യക്തമാക്കുക.
2. ഡെവലപ്മെന്റ് ചാർജ്ജിനത്തിൽ കെ.എസ്.ഐ.ടി.ഐ.എൽ ന് ചെലവായ ഏതൊക്കെ തുക കിൻഫ്ര നൽകേണ്ടതാണ്.
3. SEZ വ്യവസ്ഥ അനുസരിച്ച് കണ്ണൂർ, കാസർകോട് ഐ.ടി. പാർക്കുകളുടെ ഭൂമി ഡിനോട്ടിഫൈ ചെയ്യുന്നതിനായി തിരികെ നൽകേണ്ട 1,44,32,061 രൂപ ബഡ്ജറ്റ് പിന്തുണയായി കെ.എസ്.ഐ.ടി.ഐ.എൽ ന് നൽകാവുന്നതാണോ.

5) ധനകാര്യ വകുപ്പ് ഇനിപ്പറയുന്ന അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

*ഭരണ വകുപ്പിനെ ചുവടെ പറയും പ്രകാരം അറിയിക്കുന്നു.*

*•ഭൂമി വില സർക്കാർ ഓഹരിയായി നിലനിർത്തണമെങ്കിൽ, കിൻഫ്രയുടെ ബോർഡിൽ തീരുമാനമെടുത്ത ശേഷം ഭരണ വകുപ്പ് ശിപാർശയോടെ പ്രൊപ്പോസൽ ലഭ്യമാക്കി അതിന്മേൽ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്.*

*•ഡെവലപ്പ്മെന്റ് ചാർജിനത്തിൽ ചെലവായ തുകയിൽ പ്രത്യക്ഷത്തിൽ കോംപൌണ്ട് വാൾ മാത്രമേ കിൻഫ്രയ്ക്ക് ഉപയോഗമുള്ളതായി കാണുന്നുള്ളൂ. മറ്റ് ബിൽഡിംഗുകൾ കിൻഫ്രയ്ക്ക് ആവശ്യമാണോ എന്നുള്ള കാര്യവും ഫയലിൽ വ്യക്തമല്ല. അതിനാൽ ഏതൊക്കെ തുകയാണ് കിൻഫ്ര നൽകേണ്ടത് എന്നതിൽ കെ.എസ്.ഐ.ടി.ഐ.എൽ ഉം കിൻഫ്രയും തമ്മിൽ പൊതു സമ്മതത്തിൽ എത്തേണ്ടതുണ്ട് .*

*•ഭൂമി ഡീനോട്ടിഫൈ ചെയ്യുന്നതിനായി ചെലവാകുന്ന തുക സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിനാൽ പ്രസ്തുത തുക കെ.എസ്.ഐ.ടി.എൽ തന്നെ വഹിക്കേണ്ടതാണ്.*

6) ടി വിഷയം ചർച്ച ചെയ്യുന്നതിനായി 2024 ജനുവരി 9 ന് നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഐ.ടി. പാർക്കുകൾക്കായി കണ്ടെത്തിയിരുന്ന ഭൂമിയുടെ വില അടയ്ക്കുന്നതിൽ നിന്നും കിൻഫ്രയെ ഒഴിവാക്കുന്നതിനും കിൻഫ്ര കൈമാറുന്ന തുകയിൽ നിന്നും ഭൂമി ഡീനോട്ടിഫൈ ചെയ്യുന്നതിനാവശ്യമായ തുക കണ്ടെത്തുന്നതിനും കിൻഫ്രയും കെ.എസ്.ഐ.ടി.ഐ.എൽ-ഉം തമ്മിൽ ഒരു MoU ൽ ഏർപ്പെടുന്നതിനും തീരുമാനിക്കുകയുണ്ടായി. കൂടാതെ കിൻഫ്ര കേരള സർക്കാരിന്റെ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി ആയതിനാൽ ഭൂമിയുടെ മൂല്യം ഓഹരിയായി നിലനിർത്താവുന്നതല്ലെന്നും ആയതിനാൽ ഈ വിഷയം ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി മറ്റ് ഉപാധികൾ ആരായേണ്ടതാണെന്നും യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി.

7) പ്രസ്തുത ലാൻഡ് പാർസലുകൾ ഡീനോട്ടിഫൈ ചെയ്യുന്നതിനാവശ്യമായ, ശേഷമുള്ള പലിശകൂടി ഉൾപ്പെടുത്തിയ തുകയായ 1,87,06,820/- രൂപ കിൻഫ്ര കെ.എസ്.ഐ.ടി.ഐ.എൽ ന് നൽകുകയും ടി ഡീനോട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

8) കിൻഫ്ര ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി ആയതിനാൽ ഭൂമി കിൻഫ്രയ്ക്ക് കൈമാറുകയാണെങ്കിൽ ഭൂമിയുടെ മൂല്യം എങ്ങനെ കണക്കാക്കും എന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും കിൻഫ്രക്ക് ഭൂമി എപ്രകാരമാണ് കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്നും ഭൂമി കൈമാറ്റത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്നും അറിയിക്കുവാനും കൂടാതെ ഭൂമി കിൻഫ്രക്ക് പാട്ടത്തിന് നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുവാനും ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി.

9) ഐ.ടി സെക്ടറിന്റെ ആവശ്യത്തിന് വേണ്ടി മാത്രമേ ഭൂമി ഉപയോഗിക്കാവൂ എന്ന വ്യവസ്ഥ ഉള്ളതിനാൽ കെ.എസ്.ഐ.ടി.ഐ.എൽ ന് പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് പാട്ടത്തിന് നൽകുവാൻ കഴിയുകയില്ല എന്നും

എന്നാൽ ഭൂമി റവന്യൂ വകുപ്പിന് വിട്ടുനൽകാവുന്നതാണെന്നും റവന്യൂ വകുപ്പിന് പ്രസ്തുത ഭൂമി വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ കിൻഫ്രയ്ക്ക് അനുവദിക്കാൻ കഴിയുമെന്നും കെ.എസ്.ഐ.ടി.ഐ.എൽ എം.ഡി അറിയിക്കുകയുണ്ടായി. കൂടാതെ 09.01.2024 ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത രണ്ട് ലാൻഡ് പാഴ്സലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി കെ.എസ്.ഐ.ടി.ഐ.എൽ ന് ചെലവായ തുക തിരികെ ലഭ്യമാക്കണമെന്ന് കിൻഫ്രയോട് ആവശ്യപ്പെട്ടിരുന്നതനുസരിച്ച് 2,92,66,000/- രൂപ സെറ്റിൽ മെന്റ് തുകയായി നിശ്ചയിച്ചതിനോട് കെ.എസ്.ഐ.ടി.ഐ.എൽ യോജിക്കുന്നതായും എം.ഡി അറിയിക്കുകയുണ്ടായി.

10) ടി വിഷയം ചർച്ച ചെയ്യുന്നതിനായി 29.09.2025 തീയതിയിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചുവടെ കൊടുക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

1. കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ കൈവശമുള്ള കണ്ണൂരിലേയും (എരമം - കുറ്റൂർ), കാസർഗോഡിലേയും (ചീമേനി) സർക്കാർ ഭൂമി കിൻഫ്രയ്ക്ക് ഉടനടി കൈമാറുക.

2. പ്രസ്തുത ഭൂമി കൈമാറിക്കിട്ടുന്ന മുറയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. കെ.എസ്.ഐ.ടി.ഐ.എൽ ഈ ലാൻഡ് പാർസലുകളിൽ നടത്തിയ നിർമ്മാണ പ്രവൃത്തികൾക്ക് ചെലവായ തുക കണക്കാക്കി അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക കിൻഫ്ര കെ.എസ്.ഐ.ടി.ഐ.എല്ലിന് നൽകേണ്ടതാണ്.

3. കെ.എസ്.ഐ.ടി.ഐ.എല്ലിന്റെ ഓഹരി സംബന്ധിച്ച പ്രശ്നം ഡയറക്ടർ ബോർഡ് യോഗം ചേർന്ന് പരിഹരിക്കേണ്ടതാണ്.

11) പ്രസ്തുത വിഷയത്തിന്മേൽ റവന്യൂവകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്നു:

*"ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കാസർകോട് ചീമേനിയിൽ 100 ഏക്കർ സ്ഥലവും കണ്ണൂർ എരമത്ത് 30 ഏക്കർ (ഏകദേശം) സ്ഥലവും സ.ഉ.(കൈ)നം.20/2008/ഐ.ടി.ഡി. പ്രകാരം കെ.എസ്.ഐ.ടി.ഐ.എൽ. ന് അസൈൻ ചെയ്തു നൽകുകയും ഭൂമിയുടെ മൂല്യം കമ്പനിയുടെ ഇക്വിറ്റിയിലുള്ള സർക്കാരിന്റെ Share capital ആയി കണക്കാക്കുകയും ചെയ്തിരുന്നു. 2008 ൽ KSITL ന് ലഭ്യമാക്കിയ ഭൂമി ടി ആവശ്യത്തിനു ഉപയോഗിക്കുന്നില്ലെങ്കിൽ ആയത് തിരികെ റവന്യൂ വകുപ്പിന് കൈമാറാവുന്നതാണ്.*

*KSITL കമ്പനിയുടെ ഷെയർ കാപ്പിറ്റലിൽ വരുത്തേണ്ട വ്യതിയാനം സംബന്ധിച്ച വിഷയങ്ങൾ ധനകാര്യ വകുപ്പുമായി കൂടി ആലോചിച്ച് അന്തിമമാക്കാവുന്നതാണ്.*

*ടി ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമായതിനു ശേഷം കിൻഫ്രയ്ക്കോ മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ ചട്ടപ്രകാരമുള്ള അപേക്ഷയെ തുടർന്ന് സർക്കാർ തീരുമാനിക്കും പ്രകാരം പാട്ടത്തിനോ പതിച്ചോ നൽകാവുന്നതാണ്. ആയത് സംബന്ധിച്ച നടപടികൾ റവന്യൂ വകുപ്പ് മുഖേന കൈക്കൊള്ളാവുന്നതുമാണ്. ടി ഭൂമി കിൻഫ്രക്ക് നൽകണമെന്നുള്ള ഒരു പ്രൊപോസൽ നിലവിൽ റവന്യൂ വകുപ്പിൻറെ പരിഗണനയിൽ ഇല്ലാത്തതാണ്."*

12) മേൽ സാഹചര്യത്തിൽ, കാസർകോട് ചീമേനിയിൽ 100 ഏക്കർ സ്ഥലവും കണ്ണൂർ എരമത്ത് 30 ഏക്കറോളം സ്ഥലവും കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനായി പ്രസ്തുത ഭൂമി തിരികെ റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

1) കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ കൈവശമുള്ള കാസർ കോട് ചീമേനിയിലെ 100 ഏക്കർ ലാൻഡ് പാർസലും കണ്ണൂർ എരമത്തുള്ള 30 ഏക്കറോളം ലാൻഡ് പാർസലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനായി പ്രസ്തുത ലാൻഡ് പാർസലുകൾ റവന്യു വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കാമോ?

2) കെ.എസ്.ഐ.ടി.ഐ.എൽ ഈ ലാൻഡ് പാർസലുകളിൽ നടത്തിയ നിർമ്മാണ പ്രവൃത്തികൾക്ക് ചെലവായ തുക കണക്കാക്കി അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക കെ.എസ്.ഐ.ടി.ഐ.എല്ലിന് നൽകുവാനാവശ്യമായ തുടർ നടപടി സ്വീകരിക്കാൻ കിൻഫ്രക്ക് നിർദ്ദേശം നൽകാമോ?

3)കെ.എസ്.ഐ.ടി.ഐ.എൽ-ന്റെ ഓഹരിയിൽ കുറവ് വരുന്നതു സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനായി ആയത് ഡയറക്ടർ ബോർഡ് മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കെ.എസ്.ഐ.ടി.ഐ.എൽ ന് നിർദ്ദേശം നൽകാമോ?